**മധുരമായ കുട്ടികളേ- ഏറ്റവും പ്രധാനപ്പെട്ട സേവനം ബാബയുടെ ഓർമ്മയിൽ ഇരിക്കുക മറ്റുള്ളവരിലും ഓർമ്മ ഉണർത്തുക എന്നതാണ്, ആർക്കുവേണമെങ്കിലും ബാബയുടെ പരിചയം നൽകി അവരുടെ മംഗളം ചെയ്യാൻ നിങ്ങൾക്കു സാധിക്കും.**

**ചോദ്യം-** ഏതൊരു ചെറിയ ശീലം പോലും വളരെ വലിയ അവജ്ഞ ചെയ്യിക്കും? അതിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള യുക്തി എന്താണ്?
**ഉത്തരം-** ആരിലെങ്കിലും എന്തെങ്കിലും ഒളിപ്പിക്കുന്നതിന്റെ അല്ലെങ്കിൽ മോഷ്ടിക്കുന്നതിന്റെ ശീലമുണ്ടെങ്കിൽ അത് വളരെ വലിയ അവജ്ഞയായി മാറും. പറയാറുണ്ട്- കക്ക മോഷ്ടിക്കുന്നതും ലക്ഷം മോഷ്ടിക്കുന്നതും ഒരുപോലെയാണ്. ലോഭത്തിന് വശപ്പെട്ട് വിശക്കുമ്പോൾ ഒളിവിൽ ചോദിക്കാതെ കഴിക്കുക, മോഷ്ടിക്കുക- ഇത് വളരെ മോശമായ ശീലമാണ്. ഈ ശീലത്തിൽ നിന്നും രക്ഷപ്പെടുന്നതിനായി ബ്രഹ്മാബാബയ്ക്കു സമാനം ട്രസ്റ്റിയായി മാറൂ. ഇതുപോലുള്ള എന്തെല്ലാം ശീലങ്ങളുണ്ടോ അതെല്ലാം സത്യം സത്യമായി ബാബയെ കേൾപ്പിക്കൂ.

**ഓംശാന്തി**. ആത്മീയ അച്ഛൻ ഇരുന്ന് ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്. കുട്ടികൾക്ക് അറിയാം നമ്മൾ പരിധിയില്ലാത്ത ബാബയുടെ മുന്നിലാണ് ഇരിക്കുന്നത്. നമ്മൾ ഈശ്വരീയ പരിവാരത്തിലേതാണ്. ഈശ്വരൻ നിരാകാരനാണ്. ഇതും അറിയാം, നിങ്ങൾ ആത്മാഭിമാനിയായി ഇരിക്കുകയാണ്. ഇപ്പോൾ ഇതിൽ ശാസ്ത്രത്തിന്റെ ഒരു അഹങ്കാരത്തിന്റേയും ഹഠയോഗത്തിന്റേയും കാര്യമില്ല. ഇത് ബുദ്ധിയുടെ ജോലിയാണ്. ഈ ശരീരത്തിന് ഇതിൽ ഒരു ജോലിയുമില്ല. ഹഠയോഗത്തിൽ ശരീരത്തെക്കൊണ്ട് പണിയെടുപ്പിക്കുന്നു. ഇവിടെ കുട്ടികളാണെന്ന് മനസ്സിലാക്കി ബാബയുടെ മുന്നിൽ ഇരിക്കുകയാണ്. ബാബ നമ്മളെ പഠിപ്പിക്കുകയാണ് എന്നത് അറിയാം. പറയുന്ന കാര്യങ്ങളിൽ ഒന്ന് ഇതാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എങ്കിൽ മധുരമായ കുട്ടികളേ നിങ്ങളുടെ മുഴുവൻ പാപവും മുറിഞ്ഞുപോകും. പിന്നീട് ചക്രം കറക്കൂ, മറ്റുള്ളവരുടെ സേവനം ചെയ്ത് തനിക്കു സമാനമാക്കി മാറ്റൂ. ബാബ ഇരുന്ന് ഓരോരുത്തരേയും നോക്കുകയാണ് ഇവർ എന്ത് സേവനമാണ് ചെയ്യുന്നത് എന്ന് . സ്ഥൂല സേവനമാണോ ചെയ്യുന്നത്, സൂക്ഷ്മ സേവനമാണോ ചെയ്യുന്നത് അതോ പ്രധാന സേവനമാണോ ചെയ്യുന്നത്. ഓരോരുത്തരേയും ബാബ നോക്കുകയാണ്. ഇവർ എല്ലാവർക്കും ബാബയുടെ പരിചയം നൽകുന്നുണ്ടോ? പ്രധാന കാര്യം ഇതാണ്. ഓരോ കുട്ടിക്കും ബാബയുടെ പരിചയം നൽകി, മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുത്ത് അതായത് ബാബ പറയുന്നത്പോലെ- എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ ജന്മ ജന്മാന്തരങ്ങളിലെ പാപം ഇല്ലാതാകും, ഈ സേവനത്തിൽ എത്രത്തോളം ഇരിക്കുന്നുണ്ട്? ഏറ്റവും കൂടുതൽ സേവനം ആരാണ് ചെയ്യുന്നത് എന്ന് താനുമായി താരതമ്യം ചെയ്യുന്നുണ്ടോ? എന്തുകൊണ്ട് എനിക്ക് ഇവരെക്കാൾ കൂടുതൽ സേവനം ചെയ്തുകൂടാ! ഇവരിലും കൂടുതൽ ഓർമ്മയുടെ യാത്രയിൽ പന്തയത്തിൽ മുന്നിലെത്താൻ സാധിക്കുമോ അതോ ഇല്ലയോ? ഓരോരുത്തരേയും ബാബ കാണുന്നുണ്ട്. ബാബ ഓരോരുത്തരോടും വർത്തമാനം ചോദിക്കും- എന്ത് എന്തെല്ലാം സേവനം ചെയ്യുന്നുണ്ട്? ആർക്കെങ്കിലും ബാബയുടെ പരിചയം നൽകി അവരുടെ മംഗളം ചെയ്യുന്നുണ്ടോ? സമയം വ്യർത്ഥമാക്കുന്നില്ലല്ലോ? പ്രധാനകാര്യം ഇതാണ്, ഈ സമയം എല്ലാവരും അനാഥരാണ്. പരിധിയില്ലാത്ത അച്ഛനെ ആരും അറിയുന്നില്ല. അച്ഛനിൽ നിന്ന് സമ്പത്ത് തീർച്ചയായും ലഭിക്കുന്നുണ്ട്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ മുക്തി- ജീവന്മുക്തി ധാമങ്ങൾ രണ്ടുമുണ്ട്. കുട്ടികൾ ഇതും മനസ്സിലാക്കണം ഇപ്പോൾ നമ്മൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. പിന്നീട് സ്വർഗ്ഗത്തിൽ വന്ന് ജീവന്മുക്തിയുടെ രാജ്യഭാഗ്യം നേടും. ബാക്കി മറ്റു ധർമ്മങ്ങളിലുള്ള അനേകം ആത്മാക്കൾ, അവർ ആരുംതന്നെ ഉണ്ടായിരിക്കില്ല. കേവലം നമ്മൾ മാത്രമായിരിക്കും ഭാരതത്തിൽ ഉണ്ടാവുക. ബാബ ഇരുന്ന് കുട്ടികളെ പഠിപ്പിക്കുകയാണ്- ബുദ്ധിയിൽ എന്തെല്ലാം ഉണ്ടാകണം! ഇവിടെ നിങ്ങൾ സംഗമയുഗത്തിലാണ് അതിനാൽ കഴിക്കുന്നതും കുടിക്കുന്നതും തീർച്ചയായും ശുദ്ധവും പവിത്രവുമായിരിക്കണം. അറിയാം നമ്മൾ ഭാവിയിൽ സർവ്വഗുണ സമ്പന്നൻ, 16 കലാ സമ്പൂർണ്ണൻ, സമ്പൂർണ്ണ നിർവ്വികാരിയായി മാറും. ഈ മഹിമ ശരീരധാരികളായ ആത്മാക്കളുടേതാണ്, ആത്മാവിന്റെ മാത്രം മഹിമയല്ല. ഓരോ ആത്മാക്കളുടേയും പാർട്ട് വേറെ വേറെയാണ്, അത് ഇവിടെ വന്ന് അഭിനയിക്കുന്നു. നിങ്ങളുടെ ബുദ്ധിയിൽ ലക്ഷ്യമുണ്ട്, നമുക്ക് ഇവരെപ്പോലെയായി മാറണം. ബാബയുടെ ആജ്ഞയാണ്- കുട്ടികളേ പവിത്രമായി മാറൂ. ചോദിക്കും എങ്ങനെ പവിത്രമായിരിക്കും? എന്തുകൊണ്ടെന്നാൽ മായയുടെ അനേകം കൊടുങ്കാറ്റുകൾ വരുന്നുണ്ട്. ബുദ്ധി എവിടേയ്ക്കെല്ലാമാണ് പോകുന്നത്. അതിൽ നിന്ന് എങ്ങനെ രക്ഷപ്പെടും? കുട്ടികളുടെ ബുദ്ധിയിൽ ഈ ചിന്ത

വരുന്നില്ലേ. മറ്റാരുടേയും ബുദ്ധിയിൽ ഇതു വരില്ല. അച്ഛൻ, ടീച്ചർ, ഗുരു മൂന്നുപേരെയും നിങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. ഇതും നിങ്ങൾക്ക് അറിയാം– ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്. ഭഗവാൻ അച്ഛനും ടീച്ചറും ജ്ഞാനസാഗരവുമാണ്. ബാബ വന്നിരിക്കുകയാണ് നമ്മൾ ആത്മാക്കളെ കൂടെക്കൊണ്ടുപോകുന്നതിന്. സത്യയുഗത്തിൽ വളരെ കുറച്ച് ദേവീ ദേവന്മാരെ ഉണ്ടാകൂ. ഈ കാര്യങ്ങൾ നിങ്ങളുടേതല്ലാതെ മറ്റാരുടേയും ബുദ്ധിയിൽ ഉണ്ടാകില്ല. നിങ്ങളുടെ ബുദ്ധിയിലുണ്ട് വിനാശത്തിനുശേഷം നമ്മൾ കുറച്ചുപേരേ ബാക്കിയുണ്ടാകൂ. പിന്നീട് ഇത്രയധികം ധർമ്മങ്ങളും ഖണ്ഢങ്ങളും ഒന്നുമുണ്ടാകില്ല. നമ്മളായിരിക്കും വിശ്വത്തിന്റെ അധികാരികൾ. നമ്മുടെ ഒരു രാജ്യമായിരിക്കും ഉണ്ടാവുക. വളരെ സുഖമുള്ള രാജ്യമായിരിക്കും. പിന്നീട് അതിൽ വ്യത്യസ്ത പദവിയിലുള്ളവരുണ്ടാകും. നമ്മുടെ പദവി എന്തായിരിക്കും? നമ്മൾ ആത്മീയ സേവനം എത്രത്തോളം ചെയ്യുന്നുണ്ട്? ബാബയും ചോദിക്കുകയാണ്. ബാബ ഉള്ള് അറിയുന്നവനാണ് എന്നല്ല. കുട്ടികൾക്ക് ഓരോ കാര്യങ്ങളും സ്വയം മനസ്സിലാക്കാൻ സാധിക്കും– നമ്മൾ എന്താണ് ചെയ്യുന്നത്? തീർച്ചയായും മനസ്സിലാക്കിയിട്ടുണ്ടാകും ആദ്യനമ്പറിൽ സേവനം ചെയ്യുന്നത് ദാദ തന്നെയാണ് ശ്രീമതം അനുസരിച്ച്. കൂടെക്കൂടെ ബാബ മനസ്സിലാക്കിത്തരുന്നു– മധുര മധുരമായ കുട്ടികളേ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, ദേഹാഭിമാനത്തെ ഉപേക്ഷിക്കൂ. ആത്മാവാണെന്ന് എത്ര സമയം മനസ്സിലാക്കുന്നുണ്ട്? നമ്മൾ ആത്മാക്കളാണ്– ഇത് പക്കയാക്കണം. ബാബയെ ഓർമ്മിക്കണം. ഇതിലൂടെയേ തോണി അക്കരെയെത്തൂ. ഓർമ്മിച്ച് ഓർമ്മിച്ച് പഴയ ലോകത്തിൽ നിന്നും പുതിയ ലോകത്തിലെത്തിച്ചേരും. ഇപ്പോൾ കുറച്ച് സമയമേ ബാക്കിയുള്ളൂ. പിന്നീട് നമ്മൾ നമ്മുടെ സുഖധാമത്തിലേയ്ക്ക് പോകും. മുഖ്യമായ ആത്മീയ സേവനമിതാണ്– എല്ലാവർക്കും ബാബയുടെ പരിചയം നൽകുക, ഇതാണ് ഏറ്റവും സഹജമായ കാര്യം. സ്ഥൂല സേവനം ചെയ്യുന്നതിൽ, ഭോജനം ഉണ്ടാക്കുന്നതിൽ, ഭോജനം കഴിക്കുന്നതിൽ എല്ലാം പരിശ്രമമുണ്ട്. ഇതിലാണെങ്കിൽ പരിശ്രമത്തിന്റെ ഒരു കാര്യവുമില്ല. കേവലം സ്വയം ആത്മാവാണെന്നു മനസ്സിലാക്കിയാൽ മതി. ആത്മാവ് അവിനാശിയാണ്, ശരീരം വിനാശിയാണ്. ആത്മാവാണ് മുഴുവൻ പാർട്ടും അഭിനയിക്കുന്നത്. വിനാശത്തിന്റെ സമയമാകുമ്പോൾ ഒരേയൊരു തവണ മാത്രമാണ് ബാബ വന്ന് ഈ ജ്ഞാനം കേൾപ്പിക്കുന്നത്. പുതിയ ലോകം ദേവീദേവതകളുടേതാണ്. അതിലേയ്ക്ക് തീർച്ചയായും പോകണം. ബാക്കി മുഴുവൻ ലോകത്തിനും ശാന്തിധാമത്തിലേയ്ക്ക് പോകണം, ഈ പഴയ ലോകം ഇനി ഉണ്ടാകില്ല. നിങ്ങൾ പുതിയ ലോകത്തിലായിരിക്കുമ്പോൾ പഴയ ലോകത്തിന്റെ ഓർമ്മയുണ്ടാകുമോ? ഒന്നുമുണ്ടാകില്ല. നിങ്ങൾ സ്വർഗ്ഗത്തിൽത്തന്നെയായിരിക്കും, രാജ്യം ഭരിച്ചുകൊണ്ടിരിക്കും. ഇത് ബുദ്ധിയിൽ ഉണ്ടെങ്കിൽ സന്തോഷമുണ്ടാകും. സ്വർഗ്ഗത്തിന് അനേകം പേരുകൾ നൽകിയിട്ടുണ്ട്. നരകത്തിനും അനേകം പേരുകൾ നൽകിയിട്ടുണ്ട്– പാപാത്മാക്കളുടെ ലോകം, ഹെൽ, ദുഃഖധാമം. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം പരിധിയില്ലാത്ത അച്ഛൻ ഒന്നേയുള്ളു. നമ്മൾ അച്ഛന്റെ കളഞ്ഞുപോയി തിരികെക്കിട്ടിയ മക്കളാണ്, അതിനാൽ ഇങ്ങനെയുള്ള ബാബയോട് വളരെ അധികം സ്നേഹവും ഉണ്ടാകണം. ബാബയ്ക്കും കുട്ടികളോട് വളരെ അധികം സ്നേഹമുണ്ട്, ബാബ വളരെ അധികം സേവനം ചെയ്യുന്നു, മുള്ളുകളെ പുഷ്പമാക്കി മാറ്റുന്നു. മനുഷ്യനിൽ നിന്നും ദേവതയായി മാറണം. ബാബ സ്വയം ആകുന്നില്ല, നമ്മളെ ആക്കിമാറ്റാനാണ് വരുന്നത്. അതിനാൽ ഉള്ളിൽ വളരെ അധികം സന്തോഷം ഉണ്ടായിരിക്കണം. സ്വർഗ്ഗത്തിൽ നമ്മൾ ഏത് പദവി പ്രാപ്തമാക്കും? നമ്മൾ എന്ത് സേവനമാണ് ചെയ്യുന്നത്? വീട്ടിൽ ജോലിക്കാരും വേലക്കാരുമുണ്ടാകും, അവർക്കും പരിചയം നൽകണം. തന്റെ കണക്ഷനിൽ വരുന്നവർക്ക് പഠിപ്പ് നൽകണം. എല്ലാവരുടേയും സേവനം ചെയ്യണമല്ലോ– അബലകളുടെ, പാവപ്പെട്ടവരുടെ, ആദിവാസികളുടെ. പാവപ്പെട്ടവർ അനേകമുണ്ട്, അവർ നേരെയാകും, പിന്നീട് ഒരു പാപകർമ്മവും ചെയ്യുകയില്ല. ഇല്ലെങ്കിൽ പാപകർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കും. കളവും മോഷണവും എത്രയുണ്ട് എന്ന് കാണുന്നുണ്ടല്ലോ. ജോലിക്കാരും മോഷ്ടിക്കാറുണ്ട്. ഇല്ലെങ്കിൽ വീട്ടിൽ കുട്ടികളുണ്ടാകും അപ്പോൾ എന്തിനാണ് കതക് പൂട്ടുന്നത്. പക്ഷേ ഇന്നുകാലത്തെ കുട്ടികളും കള്ളന്മാരാകുന്നുണ്ട്. എന്തെങ്കിലുമൊക്കെ കാണാതെ എടുക്കും. ആർക്കെങ്കിലും വിശന്നാൽ അത്യാഗ്രഹം കാരണം എടുത്തുകഴിക്കുന്നു. അത്യാഗ്രഹികൾ തീർച്ചയായും എന്തെങ്കിലും മോഷ്ടിച്ച് കഴിക്കുന്നുണ്ടാകും. ഇത് ശിവബാബയുടെ ഭണ്ഢാരയാണ്, ഇതിൽ നിന്നും ഒന്നും മോഷ്ടിക്കരുത്. ബ്രഹ്മാവ് ട്രസ്റ്റിയാണ്. പരിധിയില്ലാത്ത അച്ഛനായ ഭഗവാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നു. ഭഗവാന്റെ വീട്ടിൽ ആരെങ്കിലും എപ്പോഴെങ്കിലും മോഷ്ടിക്കുമോ? സ്വപ്നത്തിൽപോലുമില്ല. നിങ്ങൾക്ക് അറിയാം ഉയർന്നതിലും ഉയർന്നത് ശിവ ഭഗവാനാണ്. നമ്മൾ അവരുടെ കുട്ടികളാണ്. അതിനാൽ നമ്മൾ ചെയ്യുന്നത് ദൈവീക കർമ്മങ്ങളായിരിക്കണം.

മോഷണം നടത്തിയവർക്കുപോലും നിങ്ങൾ ജയിലിൽ പോയി ജ്ഞാനം നൽകുന്നു. ഇവിടെ എന്ത് മോഷ്ടിക്കും? ചിലപ്പോൾ മാമ്പഴം എടുക്കും, എന്തെങ്കിലും സാധനം എടുത്ത് കഴിക്കും– ഇതും മോഷണമല്ലേ. ചോദിക്കാതെ ഒരിയ്ക്കലും ഒരു സാധനവും എടുക്കരുത്. കൈവെക്കുകപോലും ചെയ്യരുത്. ശിവ

ബാബ നമ്മുടെ അച്ഛനാണ്, ബാബ കേൾക്കുന്നുണ്ട്, കാണുന്നുണ്ട്. കുട്ടികളിൽ ഒരു അവഗുണവും ഇല്ലല്ലോ? എന്ന് ചോദിക്കുന്നു. അഥവാ എന്തെങ്കിലും അവഗുണം ഉണ്ടെങ്കിൽ അത് കേൾപ്പിക്കൂ. ദാനം നൽകൂ. ദാനം നൽകിയിട്ട് പിന്നീട് ഏതെങ്കിലും അവജ്ഞ ചെയ്താൽ വളരെ ശിക്ഷ ലഭിക്കും. മോഷ്ടിക്കുന്ന ശീലം വളരെ മോശമാണ്. ആലോചിച്ചുനോക്കൂ, ആരെങ്കിലും സൈക്കിൾ മോഷ്ടിച്ചു, എന്നിട്ട് പിടിക്കപ്പെട്ടു. ആരെങ്കിലും കടയിലേയ്ക്ക് പോയി ബിസ്ക്കറ്റിന്റെ ബോക്സ് ഒളിപ്പിച്ചു, അല്ലെങ്കിൽ എന്തെങ്കിലും ചെറിയ സാധനം ഒളിപ്പിച്ചു കൊണ്ടുപോകുന്നു. കടക്കാരൻ വളരെ ശ്രദ്ധയോടെയാണ് സംരക്ഷിക്കുക അതുപോലെ ഇതും വളരെ വലിയ ഗവൺമെന്റാണ്, പാണ്ഢവ ഗവൺമെന്റ് നമ്മുടെ ദൈവീക രാജ്യം സ്ഥാപിക്കുകയാണ്. ബാബ പറയുന്നു ഞാൻ രാജ്യം ഭരിക്കുന്നില്ല. നിങ്ങൾ പാണ്ഢവരാണ് രാജ്യം ഭരിക്കുന്നത്. അവർ പിന്നീട് കൃഷ്ണനെ പാണ്ഢവപതി എന്നു പറയുന്നു. പാണ്ഢവപിതാവ് ആരാണ്? നിങ്ങൾക്ക് അറിയാം- മുന്നിൽ ഇരിക്കുന്നുണ്ട്. ഓരോരുത്തർക്കും ഉള്ളിന്റെയുള്ളിൽ മനസ്സിലാക്കാൻ സാധിക്കും- നമ്മൾ ബാബയുടെ എന്ത് സേവനമാണ് ചെയ്യുന്നത്. ബാബ നമുക്ക് വിശ്വത്തിന്റെ ചക്രവർത്തീപദം നൽകിയിട്ട് സ്വയം വാനപ്രസ്ഥത്തിലേയ്ക്ക് പോകുന്നു. എത്ര നിഷ്കാമ സേവനമാണ് ചെയ്യുന്നത്. എല്ലാവരും സുഖിയും ശാന്തരുമായി മാറുന്നു. അവർ കേവലം പറയുക മാത്രം ചെയ്യുന്നു വിശ്വത്തിൽ ശാന്തിയുണ്ടാകണമെന്ന്. ശാന്തിയ്ക്കായി പുരസ്കാരങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. ഇവിടെ നിങ്ങൾ കുട്ടികൾക്ക് അറിയാം, നമുക്കാണ് വളരെ വലിയ സമ്മാനം ലഭിക്കുന്നത്. ആരാണോ നന്നായി സേവനം ചെയ്യുന്നത്, അവർക്ക് വളരെ വലിയ സമ്മാനം ലഭിക്കുന്നു. ഉയർന്നതിലും ഉയർന്ന സേവനം ബാബയുടെ പരിചയം നൽകുക എന്നതാണ്, ഇത് ആർക്കുവേണമെങ്കിലും ചെയ്യാൻ കഴിയും. കുട്ടികൾക്ക് ദേവതയായി മാറണമെങ്കിൽ സേവനം തീർച്ചയായും ചെയ്യണ്ടേ. ബ്രഹ്മാബാബയെ നോക്കൂ, ഇവരും ലൗകിക കുടുംബമുള്ള ആളായിരുന്നില്ലേ. ഇവരെക്കൊണ്ട് ബാബ ചെയ്യിപ്പിച്ചു. ഇദ്ദേഹത്തിൽ പ്രവേശിച്ച് ഇദ്ദേഹത്തോട് പറയുന്നു ഒപ്പം നിങ്ങളോടും പറയുന്നു ഇത് ചെയ്യൂ. എന്നോട് എങ്ങനെയാണ് പറയുന്നത്? എന്റെയുള്ളിൽ പ്രവേശിച്ച് ചെയ്യിപ്പിക്കുന്നു. ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമാണല്ലോ. ഇരിക്കെ- ഇരിക്കെ പറഞ്ഞു ഇത് ഉപേക്ഷിക്കൂ, ഇത് മോശമായ ലോകമാണ്, വൈകുണ്ഠത്തിലേയ്ക്കു പോകാം. ഇപ്പോൾ വൈകുണ്ഠത്തിന്റെ അധികാരിയായി മാറണം. അതോടെ വൈരാഗ്യം വന്നു. എല്ലാവരും ചിന്തിക്കാൻ തുടങ്ങി- ഇദ്ദേഹത്തിന് എന്തുപറ്റി. ഇത്രയും നല്ല സമർത്ഥനായ വ്യാപാരി എന്താണീ ചെയ്യുന്നത്! ഇദ്ദേഹം പോയി എന്ത് ചെയ്യും എന്ന് അറിഞ്ഞതേയില്ല. ഉപേക്ഷിക്കുക എന്നത് അത്ര വലിയ കാര്യമല്ല. എല്ലാം ത്യാഗം ചെയ്തു, അത്രമാത്രം. ബാക്കിയുള്ളവരെക്കൊണ്ടും ത്യാഗം ചെയ്യിച്ചു. മകളെക്കൊണ്ടും ത്യാഗം ചെയ്യിച്ചു. ഇപ്പോൾ ഈ ആത്മീയ സേവനം ചെയ്യണം, എല്ലാവരേയും പവിത്രമാക്കി മാറ്റണം. എല്ലാവരും പറയുമായിരുന്നു- ഞങ്ങൾ ജ്ഞാനാമൃതം പാനം ചെയ്യാൻ പോവുകയാണ്. മാതാക്കളായിരുന്നു പ്രധാനം. ഓം രാധയുടെ അടുത്തേയ്ക്ക് ജ്ഞാനാമൃതം കുടിക്കാൻ പോവുകയാണ്. ആരാണ് ഈ യുക്തി രചിച്ചത്? ശിവബാബ ഇവരിൽ പ്രവേശിച്ച് എത്ര നല്ല യുക്തിയാണ് രചിച്ചത്. ആരെല്ലാം വരുന്നോ അവരെല്ലാം ജ്ഞാനാമൃതം കുടിക്കും. അമൃത് ഉപേക്ഷിച്ച് വിഷം എന്തിന് കുടിക്കുന്നു...... എന്ന് ഗീതവുമുണ്ട്. വിഷത്തെ ഉപേക്ഷിച്ച് ജ്ഞാനാമൃതം കുടിച്ച് പാവനമായ ദേവതയായി മാറണം. ആരംഭത്തിൽ കാര്യങ്ങൾ ഇതായിരുന്നു. ആര് വന്നാലും അവരോട് പറയും പാവനമായി മാറൂ. അമൃതം കുടിക്കണമെങ്കിൽ വിഷത്തെ ഉപേക്ഷിക്കൂ. പാവനമായ വൈകുണ്ഠത്തിന്റെ അധികാരിയായി മാറണമെങ്കിൽ ഒരേയൊരാളെ മാത്രം ഓർമ്മിക്കണം. അതിനാൽ തീർച്ചയായും വഴക്കുണ്ടാകുമല്ലോ. ആരംഭത്തിലെ ആ പ്രശ്നങ്ങൾ ഇപ്പോൾ വരേയ്ക്കും നടന്നുവരുന്നു. അബലകൾക്കുമേൽ എത്ര അത്യാചാരമാണ് നടക്കുന്നത്. എത്രത്തോളം നിങ്ങൾ പക്കയായി മാറുന്നുവോ അതിനനുസരിച്ച് പിന്നീട് മനസ്സിലാക്കും പവിത്രത നല്ലതാണ്. അതിനുവേണ്ടിത്തന്നെയാണ് വിളിക്കുന്നത്- ബാബാ, വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ എന്നു പറഞ്ഞ്. മുമ്പ് നിങ്ങളുടേയും സ്വഭാവം എന്തായിരുന്നു? ഇപ്പോൾ എന്തായി മാറുകയാണ്? മുമ്പാണെങ്കിൽ ദേവതകളുടെ മുന്നിൽ ചെന്ന് പറയുമായിരുന്നു ഞങ്ങൾ പാപികളാണെന്ന്. ഇപ്പോൾ അങ്ങനെ പറയില്ല എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് അറിയാം നമ്മൾ ഇപ്പോൾ ഇതായി മാറുകയാണ്.

കുട്ടികൾ തന്നോടുതന്നെ ചോദിക്കണം- നമ്മൾ എത്രത്തോളം സേവനം ചെയ്യുന്നുണ്ട്? എങ്ങനെയുള്ള ഭണ്ഢാരിയാണ്, നിങ്ങൾക്കായി എത്ര സേവനം ചെയ്യുന്നു! അവരുടെ പുണ്യം എത്രത്തോളം വർദ്ധിക്കുന്നു! വളരെ അധികം പേരുടെ സേവനം ചെയ്യുന്നു, അതിനാൽ എല്ലാവരുടേയും ആശീർവ്വാദം അവർക്ക് ലഭിക്കുന്നു. വളരെ അധികം മഹിമകൾ എഴുതുന്നു. ഭണ്ഢാരി അത്ഭുതമാണ്, എന്തെല്ലാം സൗകര്യങ്ങൾ ചെയ്യുന്നു. ഇത് സ്ഥൂലസേവനമാണ്. സൂക്ഷ്മത്തിലുള്ളതും ചെയ്യണം. കുട്ടികൾ പറയുന്നു- ബാബാ, ഈ 5 ഭൂതങ്ങൾ വളരെ തീവ്രമാണ്, അത് ഓർമ്മയിൽ ഇരിക്കാൻ അനുവദിക്കുന്നില്ല. ബാബ പറയുന്നു കുട്ടികളേ ശിവബാബയുടെ ഓർമ്മയിൽ ഇരുന്ന് ഭോജനം ഉണ്ടാക്കൂ. ഒരു ശിവബാബയല്ലാതെ മറ്റാരുമില്ല. ബാബയാണ് സഹായിക്കുന്നത്. പാട്ടുണ്ടല്ലോ ഞാൻ അങ്ങയുടെ ശരണം നേടി.......... സത്യയുഗത്തിൽ

ഇങ്ങനെ പറയുമോ. ഇപ്പോൾ നിങ്ങൾ ശരണത്തിലേയ്ക്ക് വന്നിരിക്കുന്നു. ആരിലെങ്കിലും ഭൂതം പ്രവേശിച്ചാൽ വളരെ പീഡിപ്പിക്കുന്നു. ആ അശുദ്ധ ആത്മാവ് ആളുകളെ ബുദ്ധിമുട്ടിക്കും. നിങ്ങളിൽ എത്ര ഭൂതങ്ങളുണ്ട്-കാമം, ക്രോധം, ലോഭം, മോഹം....ഈ ഭൂതങ്ങൾ നിങ്ങളെ വളരെയധികം പീഡിപ്പിക്കുന്നു. ആ അശുദ്ധ ആത്മാവാണെങ്കിൽ ആരെയെങ്കിലുമൊക്കെ ബുദ്ധിമുട്ടിക്കുന്നു. നിങ്ങൾക്ക് അറിയാം- ഈ 5 ഭൂതങ്ങൾ 2500 വർഷങ്ങളായി നടന്നുവരുന്നതാണ്. നിങ്ങൾ എത്ര ബുദ്ധിമുട്ടിയിരിക്കുന്നു. ഈ 5 ഭൂതങ്ങൾ ദരിദ്രനാക്കി മാറ്റി. ദേഹാഭിമാനത്തിന്റെ ഭൂതമാണ് നമ്പർ വൺ. കാമത്തിന്റെ ഭൂതവും വലുതാണ്. അവ നിങ്ങളെ എത്ര ഉപദ്രവിച്ചു ഇതും ബാബ നിങ്ങൾക്ക് പറഞ്ഞുതന്നു. കല്പ കല്പം ഈ ഭൂതങ്ങൾ നിങ്ങളെ പിടികൂടും. എങ്ങനെയാണോ രാജാവും റാണിയും അതുപോലെ പ്രജകളും എല്ലാവരെയും ഭൂതം പിടിച്ചിരിക്കുകയാണ്. അതിനാൽ ഇതിനെ ഭൂതങ്ങളുടെ ലോകം എന്ന് പറയും. രാവണരാജ്യം അർത്ഥം ആസുരീയ രാജ്യം. സത്യ ത്രേതായുഗങ്ങളിൽ ഭൂതം ഉണ്ടാകില്ല. ഒരു ഭൂതം മതി എത്ര ഉപദ്രവമാണ് ചെയ്യുന്നത്. ഇതിനെ ആർക്കും അറിയില്ല. 5 വികാരങ്ങളാകുന്ന രാവണന്റെ ഭൂതങ്ങളിൽ നിന്നും ബാബ വന്ന് രക്ഷിക്കുന്നു. നിങ്ങളിലും ചിലർ വിവേകശാലികളാണ്, അവരുടെ ബുദ്ധിയിൽ ഇത് ഇരിക്കുന്നുണ്ട്. ഈ ജന്മത്തിൽ ഇങ്ങനെയുള്ള ഒരു കർമ്മവും ചെയ്യരുത്. മോഷ്ടിച്ചു, ദേഹാഭിമാനം വന്നു എങ്കിൽ ഫലം എന്തായിരിക്കും? പദവി ഭ്രഷ്ടമാകും. എന്തെങ്കിലുമൊക്കെ എടുക്കുന്നു. പറയാറുണ്ട് കക്ക മോഷ്ടിക്കുന്നതും ലക്ഷം മോഷ്ടിക്കുന്നതും ഒരുപോലെയാണ്. യജ്ഞത്തിൽ ഒരിയ്ക്കലും ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യരുത്. അഥവാ ശീലമായാൽ ഉപേക്ഷിക്കാൻ സാധിക്കാതെവരും. എത്ര തലയിട്ട് ഉടയ്ക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്തേ.

### ധാരണയ്ക്കുള്ള മുഖ്യസാരം-

1. സ്ഥൂലസേവയോടൊപ്പം സൂക്ഷ്മവും പ്രധാനവുമായ സേവനങ്ങളും ചെയ്യണം. എല്ലാവർക്കും ബാബയുടെ പരിചയം നൽകുക, ആത്മാക്കളുടെ മംഗളം ചെയ്യുക, ഓർമ്മയുടെ യാത്രയിൽ ഇരിക്കുക എന്നതാണ് സത്യമായ സേവനം. ഈ സേവനത്തിൽ ബിസിയായിരിക്കണം, തന്റെ സമയത്തെ വ്യർത്ഥമാക്കരുത്.

2. വിവേകശാലികളായി മാറി 5 വികാരങ്ങളാകുന്ന ഭൂതങ്ങളുടെ മേൽ വിജയം പ്രാപ്തമാക്കണം. മോഷ്ടിക്കുക, അസത്യം പറയുക എന്നീ ശീലങ്ങളെ ഉപേക്ഷിക്കണം. ദാനമായി നൽകിയ വസ്തുവിനെ തിരിച്ച് എടുക്കരുത്.

### വരദാനം:- ശരീരത്തിന്റെ രോഗങ്ങളുടെ ചിന്തകളിൽ നിന്ന് മുക്തമായി ജ്ഞാനചിന്തനവും സ്വ-ചിന്തനവും ചെയ്യുന്ന ശുഭചിന്തകരായി ഭവിക്കട്ടെ.

ശരീരത്തിന് രോഗം വരുക എന്നത് ഒരു കാര്യം, ആ രോഗം കൊണ്ട് കുലുങ്ങുക എന്നത് മറ്റൊരു കാര്യം. രോഗം വരിക എന്നത് വിധിയാണ്, പക്ഷെ ശ്രേഷ്ഠ സ്ഥിതിയിൽ കുലുക്കം വരിക- ഇത് ബന്ധനയുക്തമാകുന്നതിന്റെ അടയാളമാണ്. ആരാണോ ശരീരത്തിന്റെ രോഗങ്ങളുടെ ചിന്തകളിൽ നിന്ന് മുക്തമായിരുന്ന് സ്വ ചിന്തനവും ജ്ഞാനചിന്തനവും ചെയ്യുന്നത് അവർ തന്നെയാണ് ശുഭചിന്തകർ. പ്രകൃതിയുടെ ചിന്തനം കൂടുതൽ ചെയ്യുന്നതിലൂടെ ചിന്തയുടെ രൂപമായിപ്പോകുന്നു. ഈ ബന്ധനത്തിൽ നിന്ന് മുക്തമാകുക, ഇതിനെത്തന്നെയാണ് കർമ്മാതീത സ്ഥിതി എന്ന് പറയുക.

### സ്ലോഗൻ:- സ്നേഹത്തിന്റെ ശക്തി പ്രശ്നങ്ങളാകുന്ന പർവ്വതത്തെ വെള്ളത്തെപ്പോലെ ലഘൂകരിക്കുന്നു.